**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധം 1ആയി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്ന പദ്ധതിയിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി, മത്സ്യ ബോർഡ് പ്രവർത്തനമാരംഭിച്ച കാലം മുതൽക്ക് തന്നെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 10.09.1986 തീയതിയിൽ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, 10.08.1999-ൽ അനുബന്ധത്തൊഴിലാളികളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരിച്ചു. മത്സ്യബോർഡിൽ അംഗത്വമുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളെയും, അനുബന്ധ തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. അപകടം നിമിത്തം നിരാലംബരായി തീരുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ആശ്രിതർക്ക് സർക്കാരിന്റെ കൈത്താങ്ങും സംരക്ഷണവും ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരിക്കുന്ന, ഈ പദ്ധതിയുടെ പ്രീമിയം പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്. നിലവിൽ ഈ പദ്ധതി പ്രകാരം ചുവടെ സൂചിപ്പിച്ച നിരക്കിൽ ആണ് ധനസഹായം അനുവദിക്കുന്നത്. |

| ക്രമ നം. | പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |

| | | |
|---|---|---|
| 2 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| 4 | അപകടമരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക്(പരമാവധി 10,000 രൂപ) |
| 5 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സിക്കേണ്ടി വരുന്നവർക്കുള്ള ധനസഹായം | 25,000/- (പരമാവധി) |
| 6 | ശവസംസ്കാര ചെലവ് | 2,500/- രൂപ |

ഓരോ വർഷവും സർക്കാർ അംഗീകാരത്തോടെ തെരെഞ്ഞെടുക്കുന്ന ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2025 ഡിസംബർ 17 വരെയാണ് നിലവിലുള്ള പദ്ധതിയുടെ കാലാവധി. പദ്ധതി പുതുക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, മത്സ്യബോർഡ് സമർപ്പിച്ച പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ പരിശോധിച്ചു വരുന്നു.

കൂടാതെ മത്സ്യഫെഡ് വഴി 509/- രൂപ പ്രീമിയം അടച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന തരത്തിലുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. അപകട മരണത്തിനും, അപകടം മൂലം ഉണ്ടാകുന്ന സ്ഥിരമായ പൂർണ്ണ അംഗ വൈകല്യത്തിനും 10 ലക്ഷം രൂപ ലഭിക്കുന്ന പദ്ധതിയാണിത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5,000/- രൂപയും, മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനനസഹയമായി പരമാവധി 1,00,000/- രൂപ വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോത് അനുസരിച്ച് പരമാവധി 10 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ, ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ

ഈ സർക്കാരിന്റെ കാലത്ത് മത്സ്യതൊഴിലാളികൾക്ക് ലൈഫ് ഭവന പദ്ധതി വഴിയാണ് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ പ്രധാനമായും നൽകിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകി ആനുകല്യം നൽകുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വഴിയും ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ അതിശോചനീയ അവസ്ഥയിലുള്ള 184 ഉന്നതി വീടുകൾ നവീകരിക്കുന്നതിനായി 736 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതി മുഖേന ആനുകൂല്യം കൈപ്പറ്റുന്നതിനായി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 16,705 കുടുംബങ്ങൾ കരാറിൽ ഏർപ്പെടുകയും ഇതിൽ 14,467 കുടുംബങ്ങൾ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2238 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദവിവരം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.

| മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർ | | |
|---|---|---|
| ജില്ല | കരാർ വച്ചവരുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം |
| തിരുവനന്തപുരം | 3,173 | 2,953 |
| കൊല്ലം | 1,584 | 1,149 |
| പത്തനംതിട്ട | 40 | 35 |
| ആലപ്പുഴ | 4,484 | 4,274 |
| കോട്ടയം | 531 | 422 |
| ഇടുക്കി | 79 | 79 |
| എറണാകുളം | 2,077 | 1,764 |
| തൃശ്ശൂർ | 694 | 594 |
| പാലക്കാട് | 98 | 77 |
| മലപ്പുറം | 2,006 | 1,443 |
| കോഴിക്കോട് | 828 | 695 |
| വയനാട് | 1 | 0 |
| കണ്ണൂർ | 610 | 564 |
| കാസർഗോഡ് | 500 | 418 |
| ആകെ | 16,705 | 14,467 |

## പുനർഗേഹം

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത ഭവനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 2019-20 സാമ്പത്തിക വർഷം 2450 കോടി അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലയാളവിലും തുടർന്നു വരുന്നു.

2,450 കോടി രൂപ അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതിയ്ക്ക് 1,398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്ക ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സമിതി (ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി/ ജില്ലാതല മോണിറ്ററിങ് കമ്മിറ്റി) പ്രവർത്തിക്കുന്നുണ്ട്. വിഴിഞ്ഞം പുനരധിവാസത്തിനായി രൂപീകരിച്ച യൂണിറ്റാണ് പുനർഗേഹം പദ്ധതിയുടെയും പദ്ധതി നിർവഹണ യൂണിറ്റ്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആണ് പദ്ധതിയുടെ സംസ്ഥാന തല കോർഡിനേറ്റർ. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഫിഷറീസ് ഡയറക്ടർ ചെയർമാനായി വകുപ്പ് തല സ്റ്റീയറിങ് കമ്മിറ്റിയും (Department Level Steering Committee) സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന തല കമ്മിറ്റിയിയും (State Level Appex Committee) യഥാസമയം യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.

## അനുബന്ധം 2

## മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്ന പദ്ധതിയിൽ കൈവരിച്ചിട്ടുള്ള പുരോഗതിയുടെ വിശദാംശം

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത ഭവനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

**ഭൗതിക പുരോഗതി**

പദ്ധതി പ്രകാരം 9,108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4,442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3,892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2,584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാ തല സമിതി കൂടി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ സർക്കാർ./സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നിവിടങ്ങളിലായി ആകെ 738 കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 3322 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ടു.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 596 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ (24) ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പദ്ധതി പ്രകാരമുള്ള 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ**

| ഭവന സമുച്ചയം | ജില്ല | എണ്ണം | ഭരണാനുമതി തുക (തുക കോടിയിൽ) |
|---|---|---|---|
| മണ്ണുംപുറം | ആലപ്പുഴ | 204 | 25.03 |
| മുട്ടത്തറ | തിരുവനന്തപുരം | 68 (81 കോടി രൂപയുടെ ഭരണാനുമതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളവ) | 81 |

| | | | |
|---|---|---|---|
| വെസ്റ്റ് ഹിൽ | കോഴിക്കോട് | 80 | 14.27 |
| പൊന്നാനി | മലപ്പുറം | 100 | 14.33 |
| കോയിപ്പാടി | കാസർഗോഡ് | 144 | 23.20 |
| കടകംപള്ളി | തിരുവനന്തപുരം | 168 | 37.62 |
| സെന്റ് ആന്റണീസ്, വലിയതുറ | തിരുവനന്തപുരം | 24 | 5.74 |
| **ആകെ** | | **788** | **201.19** |

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

## സാമ്പത്തിക പുരോഗതി

പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## CMDRF

| വർഷം | അനുവദിച്ച തുക (രൂപ) | ആകെ അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 2019-20 | 2,00,00,00,000 | 2,50,00,00,000 | 2,50,00,00,000 |
| 2020-21 | 0 | | |
| 2021-22 | 50,00,00,000 | | |

## ബഡ്ജറ്റ് വിഹിതം

| വർഷം | അനുവദിച്ച തുക (രൂപ) | ചെലഴിച്ച തുക (രൂപ) |
|---|---|---|
| 2022-23 | 83,75,00,000 | 83,72,62,752 |
| 2023-24 | 30,00,00,000 | 29,97,97,493 |
| 2024-25 | 69,66,00,000 | 69,65,92,750 |
| 2025-26 | 60,00,00,000 | 16,13,67,335 |
| ആകെ | 2,43,41,00,000 | 1,99,50,20,330 |

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 243.41 കോടി രൂപയും ഉൾപ്പെടെ 493.41 കോടി രൂപ അനുവദിക്കുകയും 449.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി പാർപ്പിട പുനരധിവാസ പദ്ധതിയായ പുനർഗേഹത്തിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഫ്ലാറ്റ് നിർമ്മാണപ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതനുസരിച്ച് കരാറിൽ ഏർപ്പെട്ട് 20 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറി നൽകിയിട്ടുണ്ട്.
2. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 81.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് 332 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.
3. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് കൈമാറി നൽകിയിട്ടുണ്ട്.
4. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 100 യൂണിറ്റുകളുള്ള കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയ്ക്ക് 1433 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് കരാറിലേർപ്പെട്ടു. പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05/02/2025 ന് ചേർന്ന യോഗത്തിൽ നിലവിൽ 64 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും ശേഷിക്കുന്നവ ഗുണഭോക്താക്കൾ ലഭ്യമാകുന്ന മുറയ്ക്ക്, നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചാൽ മതിയാകുമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാൽ നിലവിലുള്ള കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനരേർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
5. മലപ്പുറം ജില്ലയിലെ ഉണ്യാലിൽ 16 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 2.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയ. പ്രവൃത്തികൾ പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് കൈമാറി നൽകിയിട്ടുണ്ട്.
6. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽപ്പെട്ട സ്ഥലത്ത് 6 ബ്ലോക്കുകളിലായി 144 ഫ്ലാറ്റുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി 23.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് കരാറിലേർപ്പെടുകയുണ്ടായി. സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ 5 ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ 05/02/2025 തീയതിയിൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് 2 ബ്ലോക്കുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി 2 ബ്ലോക്കുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.